# മഹാത്മാഗാന്ധി സർവ്വകലാശാല


**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298


2020 നവംബർ 19

# വാർത്താക്കുറിപ്പ്

## എം.ജി. ഇന്റഗ്രേറ്റഡ് പ്രോഗ്രാം പ്രവേശനം; സപ്ലിമെന്ററി രജിസ്ട്രേഷൻ 21 വരെ

മഹാത്മാഗാന്ധി സർവകലാശാല നടത്തുന്ന ഇന്റഗ്രേറ്റഡ് പ്രോഗ്രാമുകളിലേക്ക് പ്രവേശനത്തിന് സപ്ലിമെന്ററി അലോട്ട്മെന്റിന് നവംബർ 21 വരെ ഓപ്ഷൻ രജിസ്ട്രേഷൻ നടത്താം. നിലവിൽ അപേക്ഷ നൽകാത്തവർക്കും മുൻ അലോട്ട്മെന്റുകളിൽ പ്രവേശനം ലഭിച്ച എല്ലാ വിഭാഗം അപേക്ഷകർക്കും സപ്ലിമെന്ററി അലോട്ട്മെന്റിൽ പങ്കെടുക്കാം. പുതുതായി ഓപ്ഷൻ നൽകാം. ഓൺലൈൻ അപേക്ഷയിൽ വരുത്തിയ തെറ്റുമൂലം അലോട്ട്മെന്റിന് പരിഗണിക്കപ്പെടാത്തവർക്കും അലോട്ട്മെന്റിലൂടെ ലഭിച്ച പ്രവേശനം റദ്ദാക്കിയവർക്കും ഫീസടയ്ക്കാതെ തന്നെ www.cap.mgu.ac.in എന്ന വെബ്സൈറ്റിലൂടെ പുതുതായി ഓപ്ഷൻ നൽകാം. നിലവിലുള്ള ആപ്ലിക്കേഷൻ നമ്പറും പാസ് വേഡും ഉപയോഗിച്ച് വെബ്സൈറ്റിലെ അക്കൗണ്ട് ക്രിയേഷൻ എന്ന ലിങ്കിൽ ക്ലിക്ക് ചെയ്യുമ്പോൾ ലഭിക്കുന്ന പുതിയ ആപ്ലിക്കേഷൻ നമ്പരും പഴയ പാസ്വേഡും ഉപയോഗിച്ച് ലോഗിൻ ചെയ്താണ് ഓപഷൻ നൽകാവുന്നത്. പുതിയ ആപ്ലിക്കേഷൻ നമ്പർ സൂക്ഷിച്ചുവയ്ക്കണം. നേരത്തെ നൽകിയ അപേക്ഷയിൽ തെറ്റുവന്നിട്ടുണ്ടെങ്കിൽ തിരുത്തി പുതിയ ഓപ്ഷൻ നൽകണം. മറ്റുവിഭാഗത്തിൽപ്പെട്ടവർക്ക് ഫീസടച്ച് സപ്ലിമെന്ററി അലോട്ട്മെന്റിൽ പങ്കെടുക്കാം. സപ്ലിമെന്ററി അലോട്ട് മെന്റിൽ പങ്കെടുക്കുന്ന എല്ലാ അപേക്ഷകരും പുതുതായി ഓപ്ഷൻ നൽകണം. ഓപ്ഷൻ നൽകിയശേഷം അപേക്ഷ സേവ് ചെയ്ത് ഓൺലൈനായി സമർപ്പിക്കണം. പ്രിന്റൗട്ട് സർവകലാശാലയിൽ നൽകേണ്ടതില്ല. സപ്ലിമെന്ററി അലോട്ട്മെന്റ് നവംബർ 24ന് പ്രസിദ്ധീകരിക്കും. വിശദവിവരം ക്യാപ് വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/1199/2020)

## പരീക്ഷ തീയതി

നാലാം സെമസ്റ്റർ എം.എസ് സി. ഫിഷറി ബയോളജി ആന്റ് അക്വാകൾച്ചർ (2018 അഡ്മിഷൻ റഗുലർ/2018ന് മുമ്പുള്ള അഡ്മിഷൻ സപ്ലിമെന്ററി/മേഴ്സി ചാൻസ്) പരീക്ഷകൾ ഡിസംബർ 17 മുതൽ ആരംഭിക്കും. പിഴയില്ലാതെ നവംബർ 24 വരെയും 525 രൂപ പിഴയോടെ 25 വരെയും 1050 രൂപ സൂപ്പർഫൈനോടെ 26 വരെയും അപേക്ഷിക്കാം.

(പി.ആർ.ഒ/39/1200/2020)

## എൽ.എൽ.എം. പ്രവേശനം

മഹാത്മാഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ടിലെ എൽ.എൽ.എം. കോഴ്സിന്റെ അഡ്മിഷൻ മെമ്മോ ലഭിച്ചവർക്കുള്ള പ്രവേശന നടപടികൾ നവംബർ 30ന് പഠനവകുപ്പിൽ നടക്കും. വിശദവിവരത്തിന് ഫോൺ: 0481-2310165, 8547487677, 9567065247, 8884555198.

(പി.ആർ.ഒ/39/1201/2020)

## വൈവാവോസി

2020 ഒക്ടോബറിൽ നടന്ന നാലാം സെമസ്റ്റർ എം.എച്ച്.ആർ.എം. (2018 അഡ്മിഷൻ റഗുലർ/2018ന് മുമ്പുള്ള അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷയുടെ പ്രൊജക്ട് മൂല്യനിർണയവും വൈവാവോസിയും നവംബർ 23 മുതൽ ഓൺലൈനായി നടത്തും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ. വിദ്യാർഥികൾ അതത് കോളജുമായി ബന്ധപ്പെടണം.

(പി.ആർ.ഒ/39/1202/2020)

## സീറ്റൊഴിവ്

മഹാത്മാഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ടൂറിസം സ്റ്റഡീസിൽ എം.ടി.ടി.എം. (മാസ്റ്റർ ഓഫ് ടൂറിസം ആന്റ് ട്രാവൽ മാനേജ്മെന്റ്) പ്രോഗ്രാമിൽ 2020-21 അക്കാദമിക വർഷത്തിൽ എസ്.സി. വിഭാഗത്തിൽ മൂന്ന് സീറ്റൊഴിവുണ്ട്. ഏതെങ്കിലും വിഷയത്തിൽ ബിരുദം നേടിയ വിദ്യാർഥികൾ അസൽ രേഖകളുമായി നവംബർ 23ന് രാവിലെ 11ന് പഠനവകുപ്പിൽ എത്തണം. ഫോൺ: 0481-2732922.

(പി.ആർ.ഒ/39/1203/2020)

മഹാത്മാഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ഫിസിക്കൽ എജ്യൂക്കേഷൻ ആന്റ് സ്പോർട്സ് സയൻസസ് നടത്തുന്ന എം.പി.ഇ.എസ്. 2020-21 ബാച്ചിൽ എസ്.സി. വിഭാഗത്തിൽ ഒന്നും എസ്.ടി. വിഭാഗത്തിൽ രണ്ടും സീറ്റൊഴിവുണ്ട്. യോഗ്യരായവർ അസൽ രേഖകളുമായി പഠനവകുപ്പ് ഓഫീസിൽ നവംബർ 23ന് മുമ്പായി എത്തണം. വിശദവിവരം www.cap.mgu.ac.in വെബ് സൈറ്റിൽ ലഭിക്കും. ഫോൺ: 9447006946.

(പി.ആർ.ഒ/39/1204/2020)

## പ്രിൻസിപ്പൽമാരുടെ യോഗം

നവംബർ അവസാനവാരം നടത്താൻ നിശ്ചയിച്ചിരിക്കുന്ന യു.ജി./പി.ജി./ബി.എഡ്. പരീക്ഷകളുടെ നടത്തിപ്പിനെക്കുറിച്ച് ചർച്ച ചെയ്യുന്നതിനായി അഫിലിയേറ്റഡ് കോളജുകളിലെ പ്രിൻസിപ്പൽമാരുടെ ഓൺലൈൻ യോഗം ഇന്ന് (നവംബർ 20) നടത്തും. എറണാകുളം, ഇടുക്കി ജില്ലയിലെ പ്രിൻസിപ്പൽമാർക്ക് രാവിലെ 11 മുതൽ ഉച്ചയ്ക്ക് 12 വരെയും പത്തനംതിട്ട, കോട്ടയം, ആലപ്പുഴ ജില്ലയിലെ പ്രിൻസിപ്പൽമാർ ഉച്ചയ്ക്ക് 12 മുതൽ ഒന്നുവരെയുമാണ് സമയക്രമം. മീറ്റിങ്ങിൽ പങ്കെടുക്കുന്നതിനുള്ള ലിങ്ക് ഇമെയിലായി അയച്ചിട്ടുണ്ട്. ലിങ്ക് ലഭിക്കാത്തവർ ea2@mgu.ac.in എന്ന ഇമെയിലിൽ അറിയിക്കണം.

(പി.ആർ.ഒ/39/1205/2020)

## എം.എഡ്. സെലക്ട് പട്ടികയായി

മഹാത്മാഗാന്ധി സർവകലാശാല സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസിലെ എം.എഡ്. പ്രവേശനത്തിനുള്ള പ്രൊവിഷണൽ സെലക്ട് പട്ടിക പ്രസിദ്ധീകരിച്ചു. സർവകലാശാല വെബ്സൈറ്റിലെ 'അനൗൺസ്മെന്റ്' ലിങ്കിൽ ലഭിക്കും. നവംബർ 23, 24 തീയതികളിലായാണ് പ്രവേശനം.

(പി.ആർ.ഒ/39/1206/2020)

## എം.ജി.യിൽ ക്വാമി ഏകതാവാരത്തിന് തുടക്കം

മഹാത്മാഗാന്ധി സർവകലാശാലയിൽ ക്വാമി ഏകതാ വാരത്തിന് തുടക്കമായി. ഭരണവിഭാഗം ചത്വരത്തിൽ നടന്ന ചടങ്ങിൽ വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് ജീവനക്കാർക്ക് ദേശീയോദ്ഗ്രഥന പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. പ്രോ വൈസ് ചാൻസലർ പ്രൊഫ. സി.റ്റി. അരവിന്ദകുമാർ, രജിസ്ട്രാർ ബി. പ്രകാശ്കുമാർ, ഫിനാൻസ് ഓഫീസർ ബിജു മാത്യു, പി.ആർ.ഒ. എ. അരുൺകുമാർ, ജീവനക്കാർ എന്നിവർ പങ്കെടുത്തു. നവംബർ 25 വരെയാണ് ദേശീയോദ്ഗ്രഥന വാരാഘോഷം.

## ഫോട്ടോ ക്യാപ്ഷൻ

**ക്വാമി ഏകതാ വാരാഘോഷത്തിന്റെ ഭാഗമായി മഹാത്മാഗാന്ധി സർവകലാശാലയിൽ നടന്ന ദേശീയോദ്ഗ്രഥന പ്രതിജ്ഞ വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് ചൊല്ലിക്കൊടുക്കുന്നു**

(പി.ആർ.ഒ/39/1207/2020)

## 'അൾട്രാവയലറ്റ് ജ്യോതിശാസ്ത്രം' എം.ജി.യിൽ ത്രിദിന ശില്പശാല

മഹാത്മാഗാന്ധി സർവകലാശാല പ്യുവർ ആന്റ് അപ്ലൈഡ് ഫിസിക്സും പൂനെ ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ആസ്ട്രോണമി ആന്റ് ആസ്ട്രോ ഫിസിക്സും സംയുക്തമായി അൾട്രാവയലറ്റ് ആസ്ട്രോണമി എന്ന വിഷയത്തിൽ സംഘടിപ്പിക്കുന്ന ത്രിദിന ശില്പശാല ഡിസംബർ അഞ്ചുമുതൽ ഏഴുവരെ നടക്കും. നവംബർ 26 വരെ രജിസ്റ്റർ ചെയ്യാം. രജിസ്ട്രേഷൻ ലിങ്ക് : https://cutt.ly/uvastronomy

(പി.ആർ.ഒ/39/1208/2020)

**എ. അരുൺകുമാർ**
പബ്ലിക്റിലേഷൻസ്ഓഫീസർ